പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3769 11.12.2018 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസ്സുകളുടെ സർവീസ് നിരീക്ഷിക്കാൻ സംവിധാനം

| ചോദ്യം<br>ശ്രീ. സി.മമ്മൂട്ടി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് റൂട്ടുകളിൽ സർക്കാർ നൽകിയ പെർമിറ്റുള്ളപ്പോൾ അതിൽനിന്നും വ്യത്യസ്തമായി തിരക്കുള്ള റൂട്ടുകളിൽ ഉൾപ്പെടെ ഇഷ്ടപ്രകാരം സർവ്വീസ് നടത്തുന്നത് നിരീക്ഷിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ അത് വിശദമാക്കുമോ; | (എ) | പെർമിറ്റ് വ്യവസ്ഥാ ലംഘനം നടത്തുന്ന സ്റ്റേജ് ക്യാരേജുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടി കൈക്കൊള്ളാറുണ്ട്. |
| (ബി) | നിരീക്ഷണ സംവിധാനം കർശനമായി നടപ്പാക്കാതെ പോകുന്നതിനുള്ള കാരണം സ്വകാര്യ ബസ്സുടമകളിൽ നിന്നുള്ള സമ്മർദ്ദമാണെന്ന ആരോപണത്തിന്മേലുള്ള വസ്തുത വെളിപ്പെടുത്താമോ; | (ബി) | ഇത്തരം ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ അനുവദിച്ച റൂട്ടും സമയവും തെറ്റിച്ച് സർവ്വീസ് നടത്തിയതിന്റെ പേരിൽ എത്ര സ്വകാര്യ ബസ്സുകൾക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പിഴയിനത്തിൽ എത്ര തുക ഈടാക്കാനായി; | (സി) | പ്രസ്തുത കാലയളവിൽ (സമയപ്പട്ടികാ ലംഘനം/ട്രിപ്പ് കർട്ടയിൽമെന്റ്) നടത്തിയതായി കണ്ടെത്തിയ 21 സ്റ്റേജ് ക്യാരേജുകൾക്ക് ചെക്ക് റിപ്പോർട്ട് നൽകുകയും പിഴയിനത്തിൽ 2,55,500/- രൂപ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതുമാകുന്നു. |
| (ഡി) | ഇത്തരത്തിൽ തലസ്ഥാന നഗരിയിലെ സ്വകാര്യ ബസ്സുകൾ പാസഞ്ചർ ട്രാഫിക് കാണുന്ന ഇടത്തേക്ക് അനുമതി ഇല്ലാതെ ഓട്ടം | (ഡി) | നിലവിലുള്ള നിരീക്ഷണ സംവിധാനങ്ങൾ അപര്യാപ്തമാണ്. സേഫ് കേരള പദ്ധതി നടപ്പാക്കുന്നതോടെ കൂടുതൽ സ്ക്വാഡുകൾ പ്രവർത്തിക്കുകയും കർശന പരിശോധന |

| | | | |
|---|---|---|---|
| | നടത്തുന്നത് തടയാൻ നിലവിലുള്ള സംവിധാനത്തിനാവുന്നുണ്ടോ: ഇല്ലെങ്കിൽ പകരം സംവിധാനമേർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | | നടത്താൻ സാധിക്കുകയും ചെയ്യും. |

**സെക്ഷൻ ഓഫീസർ**